KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.77/PR/PIC/PHQ/18 Date : 27.03.2018

---

## മയക്കുമരുന്ന് വില്പന: 148 കേസുകളിലായി 110 കിലോ കഞ്ചാവ് പിടികൂടി

സംസ്ഥാനത്ത് മയക്കുമരുന്നുകള്‍ വിറ്റവര്‍ക്കെതിരെ കേരളപോലീസ് ആന്റി നാര്‍ക്കോട്ടിക് ആക്ഷന്‍ ഫോഴ്സിന്റെ നേതൃത്വത്തില്‍ നടത്തിയ പരിശോധനകളെ തുടര്‍ന്ന് ഫെബ്രുവരി 20 മുതല്‍ മാര്‍ച്ച് 15 വരെ 148 കേസുകളിലായി 110 കിലോ 310 ഗ്രാം കഞ്ചാവും 2 കിലോ ഹഷീഷും കുത്തിവയ്ക്കുന്ന തരത്തിലുള്ള 9 ആംപ്യൂള്‍ മയക്കുമരുന്നും പിടികൂടി. കാസര്‍ഗോഡ് ജില്ലയിലാണ് ഏറ്റവും കൂടുതല്‍ കഞ്ചാവ് പിടികൂടിയത്, 17 കിലോ. മലപ്പുറം, തൃശൂര്‍, തിരുവനന്തപുരം സിറ്റി എന്നിവയാണ് തൊട്ടു പിന്നില്‍. വിവിധ ജില്ലകളില്‍ പിടികൂടിയ കഞ്ചാവിന്റെ കണക്ക്:

തിരുവനനന്തപുരം റേഞ്ച് – തിരുവനന്തപുരം സിറ്റി (9.402 കി.) , തിരുവനനന്തപുരം റൂറല്‍ (1.852 കി. ), കൊല്ലം സിറ്റി (231 ഗ്രാം), പത്തനംതിട്ട (1.616 കി.). കൊച്ചി റേഞ്ച് – കൊച്ചി സിറ്റി (2.300 കി.), എറണാകുളം റൂറല്‍ (2.412 കി.), ആലപ്പുഴ (3.300 കി,), ഇടുക്കി (3.563 കിലോ), കോട്ടയം (8.017 കിലോ), തൃശ്ശൂര്‍ റേഞ്ചില്‍, തൃശ്ശൂര്‍ സിറ്റി (2.080 കിലോ), തൃശ്ശൂര്‍ റൂറല്‍ (10.024 കി.), പാലക്കാട് (5.061 കി.), മലപ്പുറം (14.835 കി.), കണ്ണൂര്‍ റേഞ്ച് – കോഴിക്കോട് സിറ്റി (18.005 കി.), വയനാട് (500 ഗ്രാം), കണ്ണൂര്‍ (7.093 കി.), കാസര്‍ഗോഡ് (17.895 കി.)

വിവിധ ജില്ലകളില്‍ മയക്കു മരുന്ന് വിപണനം നടത്തുന്നവര്‍ക്കെതിരെയുള്ള നടപടികള്‍ വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയും കാന്‍സാഫിന്റെ ചുമതലയുള്ള ഐ.ജി. പി.വിജയനും അറിയിച്ചു.

************************